നം. എസ്.3/102369/2015-16/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ,
തിരുവനന്തപുരം,
തീയതി: 11.11.2015

## വിജ്ഞാപനം

### അന്ധ/ബധിര/വികലാംഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ഫീസ് ആനുകൂല്യവും ബോർഡിംഗ് ഗ്രാന്റ്/ഹോസ്റ്റൽ ചാർജ്ജും സംബന്ധിച്ച വിവരങ്ങൾ

കേരളത്തിലെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ/ സംഗീത കോളേജുകൾ/ ട്രെയിനിംഗ് കോളേജുകൾ/ഹയർ സെക്കന്ററി സ്കൂളുകൾ/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന അന്ധ/ബധിര/ വികലാംഗ വിദ്യാർത്ഥികളിൽ നിന്നും 2015-16 അദ്ധ്യയന വർഷത്തെ ഫീസ് ആനുകൂല്യത്തിനും, സൗജന്യ ഹോസ്റ്റൽ താമസത്തിനും അഥവാ ബോർഡിംഗ് ഗ്രാന്റിനും വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in -ൽ **Blind/PH Scholarship (BPHFC)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 16.11.2015 മുതൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം.

**Blind/PH Scholarship** (BPHFC) ഓരോ വർഷവും പുതിയ അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കേണ്ടതാണ്. (സ്കോളർഷിപ്പ് പുതുക്കൽ ഇല്ല)

അപേക്ഷസമർപ്പിക്കാനുള്ള അവസാന തീയതികൾ:

എ) ഓൺലൈൻ ആയി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 16.12.2015

ബി) രജിസ്ട്രേഷനും പ്രിന്റൗട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി: 19.12.2015

സി) സ്ഥാപനമേധാവികൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി : 30.12.2015

ധനസഹായത്തിന്റെ വിശദവിവരങ്ങൾ താഴെ ( പട്ടിക 1 ൽ) പറയും വിധമാണ്

പട്ടിക 1

| ക്രമ നമ്പർ | ധനസഹായം | വിവരണം | തുക | കുടുംബ വാർഷിക വരുമാന പരിധി | രജിസ്ട്രേഷൻ പ്രിന്റൗട്ടിനോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ (പട്ടിക 2 നോക്കുക) |
|---|---|---|---|---|---|
| 1 | ഫീസ് ആനുകൂല്യം | അന്ധ വിദ്യാർത്ഥികൾക്കുമാത്രം | 1. ഫീസിന് തുല്യമായ തുക<br>2. ബുക്ക് അലവൻസ് 500/-രൂപ | 2,50,000/- | 1. എ<br>2. ബി<br>3. സി<br>4. ഡി<br>5. ഇ<br>6. എഫ് |
| 2 | ഹോസ്റ്റൽ ചാർജ്ജ് | അന്ധർ/ ബധിരർ/മറ്റു വികലാംഗർ | പ്രിൻസിപ്പാൾ അംഗീകരിച്ച അപ്പൻഡിക്സ് 1 പ്രകാരം | 4,50,000/- | 1. എ<br>2. ബി<br>3 .സി<br>4 .ഡി<br>5. ഇ<br>6. എഫ്<br>7 .ജി<br>8. എച്ച് |
| 3 | ബോർഡിംഗ് ഗ്രാന്റ് | ഹോസ്റ്റൽ ചാർജ്ജിന് അർഹതയില്ലാത്ത അന്ധ/ബധിര/മറ്റു വികലാംഗ വിദ്യാർത്ഥികൾ | പ്രതിമാസം 400/- രൂപ പ്രകാരം ഒരു വർഷത്തേയ്ക്ക് പരമാവധി 4,000/- രൂപ | 4,50,000/- | 1. എ<br>2. ബി<br>3. സി<br>4. ഡി<br>5. ഇ<br>6. എഫ് |

പട്ടിക 2

| ക്രമ നം. | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ |
|---|---|
| എ | എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |
| ബി | നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |
| സി | അപേക്ഷകന്റെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |
| ഡി | ബന്ധപ്പെട്ട റവന്യൂ അധികൃതർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ( അസ്സൽ) |
| ഇ | മെഡിക്കൽ സർട്ടിഫിക്കറ്റ്: ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |
| എഫ് | അവസാനത്തെ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ശരിപ്പകർപ്പ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.) |
| ജി | ഹോസ്റ്റൽ വാർഡന്റെ ഇൻമേറ്റ് സർട്ടിഫിക്കറ്റ് (മാതൃക Appendix 1 ൽ) |
| എച്ച് | ഹോസ്റ്റൽ വാർഡന്റെ സ്റ്റേറ്റ്മെന്റ് (മാതൃക Appendix 2 ൽ) |

ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :

എ.) ഒരിക്കൽ അനുവദിക്കപ്പെട്ട ഫീസ് ആനുകൂല്യമോ, ഹോസ്റ്റൽ ആനുകൂല്യമോ പിന്നീട് പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരികയാണെങ്കിൽ വീണ്ടും പുതുക്കി നൽകുന്നതല്ല.

ബി.) അന്ധ വിദ്യാർത്ഥികൾക്കുമാത്രം ഫീസ് ആനുകൂല്യവും, മറ്റു അംഗവൈകല്യം ഉള്ളവർക്ക് ബോർഡിംഗ് ഗ്രാന്റ്/ഹോസ്റ്റൽചാർജ്ജ് നൽകുന്നതാണ്.

സി.) ഹോസ്റ്റൽ ചാർജ്ജ് മുൻകൂറായി നൽകുകയില്ല. വിദ്യാർത്ഥി വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശിച്ച തീയതിമുതൽ അക്കാദമിക് വർഷത്തിന്റെ ഡിസംബർ മാസം വരെയുള്ള തുക ആദ്യഘട്ടമായും, കോഴ്സ് പൂർത്തിയാക്കിയ ശേഷം ജൂൺമാസത്തിൽ സൈറ്റ് ഓപ്പൺചെയ്യുമ്പോൾ രണ്ടാംഘട്ടമായും പഠിക്കുന്നസ്ഥാപനം മുഖേന ഹോസ്റ്റൽ ചാർജ്ജ് ക്ലെയിം ചെയ്യേണ്ടതാണ്.

ഡി.) ഹോസ്റ്റൽ ചാർജ്ജ് ലഭിക്കുന്നതിനായി Appendix I, Appendix II ഹോസ്റ്റൽ വാർഡൻ സ്ഥാപനമേധാവിക്ക് നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) ഈ പദ്ധതി പ്രകാരം ഫീസ് ആനുകൂല്യം/ബോർഡിംഗ് ഗ്രാന്റ്/ ഹോസ്റ്റൽ ചാർജ്ജ് ലഭിക്കുന്നവർ *GO(P)No.19/78/H.Edn. dated 30.01.1978 (Rule 5d)* അനുസരിച്ച് മറ്റു ഫീസാനുകൂല്യം, സ്കോളർഷിപ്പുകൾ, സ്റ്റൈഫന്റ് ആനുകൂല്യങ്ങൾ കൈപ്പറ്റാൻ പാടുള്ളതല്ല. (SC/ST ഗ്രാന്റും, സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ റിഡേഴ്സ് അലവൻസും ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്).

എഫ്) ഒന്നിലധികം സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നവർ മൾട്ടിപ്പിൾ സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യാൻ അവസരം വരുമ്പോൾ വിദ്യാർത്ഥിക്ക് ഏറ്റവും പ്രയോജനപ്പെടുന്ന ഒരുസ്കോളർഷിപ്പ് സെലക്ട് ചെയ്യേണ്ടതാണ്.

ജി) സമയപരിധി കഴിഞ്ഞുലഭിക്കുന്ന അപേക്ഷകളും, മാന്വൽ അപേക്ഷകളും പരിഗണിക്കുന്നതല്ല.

എച്ച്) തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ഇ-ട്രാൻസ്ഫർ ചെയ്യുന്നത്. **dce scholarship site – award students list tab** - ൽ കോളേജിന്റെ പേര് വിവരങ്ങൾ നൽകി ട്രാൻസ്ഫർ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

<u>അപേക്ഷിക്കേണ്ട രീതി :</u>

എ) വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി 12.11.2015 മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി : -

1) **<u>www.dcescholarship.kerala.gov.in</u>** എന്ന വെബ്സൈറ്റിലെ **<u>Blind/PH Scholarship (BPHFC)</u>** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) **<u>Apply Online</u>** –ൽ ക്ലിക്ക് ചെയ്യുക.

3) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് ***Candidate Login*** ചെയ്യുക.

4) അല്ലെങ്കിൽ ***New Registration-*** ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് **Submit** ക്ലിക്ക് ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ ***BPHFC*** എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.

6) ***PH Category*** സെലക്ട് ചെയ്യുക.

7) കുടുംബവാർഷിക വരുമാനം പൂരിപ്പിക്കുക.

8) ഹോസ്റ്റലർ ആണോ ഡേ സ്കോളർ ആണോ എന്നവിവരം സെലക്ട് ചെയ്യുക.

9) ***Submit*** ക്ലിക്ക് ചെയ്യുക.

ബി) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം **View/Print application** ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

സി) രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് പട്ടിക – 1 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

**സ്ഥാപനമേധാവികളുടെ ശ്രദ്ധയ്ക്ക് :**

അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾ, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, ലൈബ്രറി ഫീസ്, പരീക്ഷാ ഫീസ് എന്നിവ സ്കോളർഷിപ്പ് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. (അല്ലാത്തപക്ഷം അന്ധ വിദ്യാർത്ഥികളുടെ കോഴ്സ്ഫീസ് ആനുകൂല്യം ലഭിക്കുകയില്ല)

എ) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.

ബി) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി/ പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പ്മേധാവി എല്ലാരേഖകളുടെയും നിജസ്ഥിതി പരിശോധിച്ച് ഉറപ്പുവരുത്തി ഓൺലൈൻ വഴി നിശ്ചിത സമയത്തിനുള്ളിൽ അംഗീകരിച്ചിരിക്കണം. അല്ലാത്ത പക്ഷം ഉണ്ടാകുന്ന ബാധ്യതകൾ സ്ഥാപനമേധാവിയുടെ ഉത്തരവാദിത്തമായിരിക്കും.

സി) വിദ്യാർത്ഥികൾ ഹാജരാക്കിയിരിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് അസ്സൽ ആയിരിക്കണം. വിദ്യാർത്ഥി ക്ലാസിൽ പ്രവേശിച്ച തീയതി, ഹോസ്റ്റൽ പ്രവേശനം നേടിയ തീയതി എന്നിവ അപേക്ഷയുടെ ഓൺലൈൻ പരിശോധന (വെരിഫിക്കേഷൻ) നടത്തുമ്പോൾ സ്ഥാപനമേധാവി/പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പുമേധാവി വ്യക്തമാക്കിയിരിക്കണം.

ഡി) ഹോസ്റ്റൽ ചാർജ് സ്റ്റേറ്റ്മെന്റ് ഹോസ്റ്റൽ വാർഡനിൽനിന്ന് Appendix I, Appendix II ലഭ്യമാക്കി സ്ഥാപനത്തിൽനിന്ന് വെരിഫിക്കേഷൻ/അപ്രൂവൽ ഓൺലൈനിൽ രണ്ടുഘട്ടങ്ങളിലായി നടത്താവുന്നതാണ്. 1-ാം ഘട്ടം ഈ നോട്ടിഫിക്കേഷന് സൈറ്റ് ഓപ്പൺ ചെയ്യുന്ന സമയത്തും, 2-ാം ഘട്ടം കോഴ്സ് കഴിഞ്ഞ് ജൂൺ 2016 -ൽ സൈറ്റ് വീണ്ടും ഓപ്പൺ ചെയ്യുമ്പോഴും.

ഇ) 2016 ഏപ്രിൽ/മേയ് മാസങ്ങളിലെ ഹോസ്റ്റൽ ചാർജ്ജ് ക്ലെയിം ചെയ്യുകയാണെങ്കിൽ (വേനലവധി കാലമായതിനാൽ) അതിനുള്ള കാരണം രണ്ടാം ഗഡുവിനായി വിവരങ്ങൾ നൽകുമ്പോൾ സ്ഥാപനമേധാവി/പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പുമേധാവി വ്യക്തമാക്കണം.

എഫ്.) തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ ചെയ്യുന്നതിനാൽ സ്കോളർഷിപ്പ് സൈറ്റിലുള്ള സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, Branch IFSC Code, എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. dce scholarship – Institution login – receipt amount conform students list tab – ൽ വിവരങ്ങൾ നൽകി ട്രാൻസ്ഫർ സ്റ്റാറ്റസ് ഉറപ്പുവരുത്തി, വിദ്യാർത്ഥികൾക്ക് / ഹോസ്റ്റൽ വാർഡന് തുകനൽകി രസീത് സൂക്ഷിക്കേണ്ടതാണ്.

ജി) ഓൺലൈൻവഴി സ്ഥാപനമേധാവി/പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പുമേധാവി അംഗീകരിച്ച അപേക്ഷകൾ (വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും) നോട്ടിഫിക്കേഷന്റെ ഒരു പകർപ്പും അതത് സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീം ഇവ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

Mayin

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

APPENDIX I

**INMATE CERTIFICATE**

This is to certify that Sri……………………………………………………

Studying in ………………………………………………………………………………

………………………………………………… For ……………………………………

Course is an inmate of this Hostel and was admitted on ……………………………

to stay in the hostel is with effect from ……………………………………………… (date)

Place:
Date:

Signature of Warden
Name of Hostel

OFFICE SEAL

APPENDIX - II

**STATEMENT REGARDING HOSTEL CHARGES**

MONTH: ..........................................Year..........................

NAME OF STUDENT :

DATE OF ADMISSION (IN HOSTEL) :

**HOSTEL CHARGES**

| Sl. No. | Hostel Admission fee | Mess Fee | Electricity | Rent | Water charges | Other Expenditure | TOTAL |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

Date: OFFICE SEAL **SIGNATURE OF WARDEN**

**COUNTERSIGNED BY THE HEAD OF THE INSTITUTION**

Certified that the amount claimed is genuine and no ther items other than the items mentioned above is includes as hostel charges.

Date: OFFICE SEAL **PRINCIPAL**